# സിഗരറ്റ് നായകൻ പുകവലിക്കെതിരെ

**ജോയ് കൈതാരത്ത്**

സിഗരറ്റുകളുടെ പരസ്യത്തിന് മോഡലായി പ്രത്യക്ഷപ്പെട്ട് ലോക പുകയിലവ്യാപാരത്തിന്റെ മുൻനിരയിലേയ്ക്ക് വിൻസ്റ്റൺ സിഗരറ്റ്കമ്പനിയെ നയിച്ച്, "വിൻസ്റ്റൺ മാൻ" എന്നറിയപ്പെട്ടിരുന്ന ലോകപ്രശസ്തസിനിമാതാരം അലൻ ലാന്റേഴ്സിന്റെ കേരളസന്ദർശനം അനന്തപുരിയിലെ പുകയിലയ്ക്കെതിരായ പ്രവർത്തനങ്ങൾക്ക് പുത്തനാവേശം നൽകി.



സിനിമാലോകത്തെ അഭിനേതാവ്, സംവിധായകൻ, അഭിനയ അദ്ധ്യാപകൻ എന്നീ നിലകളിൽ ഏറെ ആരാധകരെ സൃഷ്ടിച്ച അലന്റെ സാമൂഹ്യ അംഗീകാരവും പ്രസിദ്ധിയും പൗരുഷഭാവവും പുകയിലവ്യാപാരകുത്തകകൾ വിൽക്കുകയായിരുന്നുവെന്ന് അലൻ പറഞ്ഞു.

പൗരുഷത്തിന്റേയും സെക്സിന്റേയും പ്രതീകമായി സിഗരറ്റിനെ ചിത്രീകരിച്ച് അതിന് മോഡലായി തന്നെ അവതരിപ്പിച്ച് ആയിരക്കണക്കിന് യുവതീയുവാക്കളെ പുകയിലയ്ക്ക് അടിമകളാക്കുകയായിരുന്നുവെന്നും അവയിൽ ഭൂരിഭാഗവും പുകയിലജന്യരോഗികളായിട്ടുണ്ടാകുമെന്നാണ് തന്റെ വിശ്വാസമെന്നും അലൻ പറഞ്ഞു.

സിനിമയിലും നാടകത്തിലും അനേകം കഥാപാത്രങ്ങൾക്ക് വേണ്ടി അഭിനയിക്കേണ്ടിവന്ന താൻ സിഗരറ്റ് കമ്പനിക്ക് മോഡലായി സിഗരറ്റ് വലിച്ച് അനുഭവിക്കുകയായിരുന്നുവെന്നും അലൻ പറഞ്ഞു.

ബാല്യംമുതൽ ശീലിച്ച പുകവലിമൂലം മാരകമായ ക്യാൻസർരോഗത്തിന് അടിമപ്പെട്ട അലൻ പ്രതിദിനം പുകച്ചുതള്ളിയിരുന്നത് അമ്പതിലേറെ സിഗരറ്റായിരുന്നു. രണ്ട് ശ്വാസകോശങ്ങൾക്കും ക്യാൻസർ ബാധിച്ചതിനാൽ രണ്ടുതവണ ബൈപാസ്സ് സർജറിക്ക് വിധേയനായി. കൂടാതെ തൊണ്ടയേയും ശബ്ദത്തേയും പുകവലി തകരാറിലാക്കിയെന്നും തിരുവനന്തപുരത്ത് അഡിക് ഇന്ത്യയും റീജ്യണൽ ക്യാൻസർ സെന്ററും ചേർന്ന് സംഘടിപ്പിച്ച വിവിധ പരിപാടികളിൽ അലൻ പറഞ്ഞു. ശ്വാസകോശാർബ്ബുദം ഭേദമാകുക പ്രയാസമാണെങ്കിലും അലൻ ലാന്റേഴ്സ് വൈദ്യശാസ്ത്രത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് രക്ഷപ്പെടുകയായിരുന്നുവെന്ന് ആർ.സി.സി. ഡയറക്ടർ ഡോ. എം. കൃഷ്ണൻനായർ പറഞ്ഞു. മരണത്തിൽ നിന്നും മടങ്ങിവന്ന അലൻ പുകയിലക്കെതിരെ നടത്തുന്ന പോരാട്ടത്തിന്റെ ഭാഗമായിട്ടാണ് കഴിഞ്ഞ 19ന് തിരുവനന്തപുരത്തെത്തിയത്.

ലോകാരോഗ്യസംഘടനയുടെ പുകയില വിരുദ്ധവിഭാഗത്തിന്റെ തലവൻ കൂടിയാണ് അലൻലാന്റേഴ്സ്.

അമേരിക്കയിലെ ഫ്ളോറിഡയിലാണ് അലന്റെ വീട്. മാതാപിതാക്കളും സഹോദരങ്ങളും പുകവലിക്കാരായിരുന്നു. ഈ കുടുംബസാഹചര്യം 9-ാം വയസ്സിൽ തന്നെയും പുകവലിക്കാരനാക്കിയെന്ന് അലൻ പറഞ്ഞു.

17-ാം വയസ്സിൽ പട്ടാളത്തിൽ ചേർന്നതോടെ സിഗരറ്റ്വലി ഒരു പ്രധാനപരിപാടിയായത്രെ. ഉഴുതുമറിച്ച മണ്ണുപോലെ ശരീരമാസകലം ക്യാൻസറിൽ നിന്നും രക്ഷപ്പെടുവാൻ ശസ്ത്രക്രിയ നടത്തി. കരിഞ്ഞുണങ്ങിയ മുറിപ്പാടുകൾ പ്രദർശിപ്പിച്ചുകൊണ്ടാണ് അലൻ പുകവലി മൂലം തനിക്കുണ്ടായ ദുരന്തത്തിന്റെ കഥ ജനങ്ങളോട് പറയുന്നത്. 19-20-21 തിയ്യതികളിലായി തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുത്ത അലൻ 21ന് മാലിയിലേക്ക് പോയി.


**ജെ.പി. ഐഡന്റിഫിക്കേഷൻ സിസ്റ്റംസ്**

**ട്രിനിറ്റി ബിൽഡിങ്ങ്**

**(ഫെഡറൽ ബാങ്കിനു സമീപം)**

**തൃശൂർ - 1**

**ഫോൺ -445685**